# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 28.06.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. അഹിംസയുടെ ശക്തി ലോകത്തെ ബോധ്യപ്പെടുത്താൻ ഭാരതത്തിന് കഴിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

   **India has shown the world the power of non-violence says Prime Minister Narendra Modi.**

2. പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ; വികസിത രാഷ്ട്ര നിർമ്മാണത്തിനുള്ള വേദിയായി മൻ കി ബാത് മാറിയതായി കേന്ദ്ര സഹമന്ത്രി പബിത്ര മാർഗരിറ്റ.

   **PM Narendra Modi to address his monthly radio programme 'Mann Ki Baat' tomorrow; Mann Ki Baat becomes a platform for creating a developed nation says MoS Pabitra Margarita.**

3. എറണാകുളത്തെ ചെല്ലാനത്ത് ആധുനിക തീരദേശ മത്സ്യഗ്രാമം ഉൾപ്പെടെ വിവിധ പദ്ധതികൾക്ക് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ തുടക്കം കുറിച്ചു.

   **Union Minister of State George Kurien launches various projects including a modern coastal fishing village at Chellanam in Ernakulam.**

4. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി എൽ മുരുഗൻ കൊച്ചിയിലെത്തി; ധീവര ദിനാചരണത്തിന്റെ ഭാഗമായുള്ള സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കുന്നു.

   **Union Minister of State for Information and Broadcasting L Murugan arrives in Kochi. MoS Participates in the state conference conducted as part of the 19th Dheevara Day celebrations.**

5. കേരളത്തിൽ വിവിധ ഭാഗങ്ങളിൽ മഴ തുടരുന്നു; അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.

**Rain continues in various parts of Kerala, orange alert in 5 districts.**

6. വനിത ട്വന്റി-ട്വന്റി ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും.

**India to face England in women's Twenty20 cricket match today.**

**&&&&&&&&&&&&&&&&&**

## HEAD LINE – 1

## PM - ACHARYA (INTRO)

അഹിംസയുടെ ശക്തി ലോകത്തിന് ബോധ്യപ്പെടുത്തി കൊടുക്കാനും, മാനവരാശിയെ സേവിക്കുന്നതിനുള്ള മനോഭാവം വളർത്താനും ഭാരതത്തിന് കഴിഞ്ഞതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രമുഖ ജൈന ആത്മീയ നേതാവും സാമൂഹിക പരിഷ്കർത്താവുമായ ആചാര്യ വിദ്യാനന്ദ് ജി മഹാരാജിന്റെ ജന്മ

ശതാബ്ദി ആഘോഷങ്ങൾ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്തെ ഏറ്റവും പഴക്കം ചെന്ന നാഗരികതയാണ് ഇന്ത്യ. നമ്മുടെ ദർശനങ്ങൾ അനശ്വരമാണ്. പുരാതനമായ കൈയെഴുത്തുപ്രതികൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നതായും പ്രധാനമന്ത്രി പറഞ്ഞു. യുവജനങ്ങളെ ഭാരതീയ പാരമ്പര്യവുമായി ബന്ധിപ്പിക്കുന്നതിൽ ആചാര്യ വിദ്യാനന്ദ് ജി മഹാരാജ് നിർണായക പങ്ക് വഹിച്ചുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

**&&&&&&&&&&&&&&&&&**

## OPERATION SINDHU

ഓപ്പറേഷൻ സിന്ധുവിന് കീഴിൽ ഇതുവരെ ആകെ 4,415 ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിച്ചു. ഇതിൽ 3,597 പേരെ ഇറാനിൽ നിന്നും 818 പേരെ ഇസ്രായേലിൽ നിന്നുമാണ് പ്രത്യേക വിമാനങ്ങളിൽ എത്തിച്ചത്. 9 നേപ്പാളി പൗരന്മാരെയും 4

ശ്രീലങ്കൻ പൗരന്മാരെയും ഇറാനിൽ നിന്ന് ഒഴിപ്പിച്ചതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## MEA - INDUS WATER

ജമ്മു കശ്മീരിലെ കിഷൻഗംഗ, റാറ്റിൽ ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച് ആർബിട്രേഷൻ കോടതി പുറപ്പെടുവിച്ച വിധി ഇന്ത്യ തള്ളി. 1960 ലെ സിന്ധു നദീജല ഉടമ്പടി പ്രകാരം രൂപീകരിച്ചതായി പറയപ്പെടുന്ന ആർബിട്രേഷൻ കോടതിയുടെ വിധിയാണ് തള്ളിയത്. ആർബിട്രേഷൻ കോടതി നിയമ വിരുദ്ധമാണെന്ന് ഇന്ത്യ വ്യക്തമാക്കി. പഹൽഗാം ഭീകരാക്രമണത്തിന് ശേഷം, അതിർത്തി കടന്നുള്ള ഭീകരതയെ പാകിസ്ഥാൻ പിന്തുണയ്ക്കുന്നത് കണക്കിലെടുത്ത്, സിന്ധു നദീജല ഉടമ്പടി രാജ്യം നിർത്തിവച്ചിരിക്കുകയാണ്. അതിനാൽ ഈ ഉടമ്പടി പ്രകാരമുള്ള ഒരു ബാധ്യതയും ഇന്ത്യ ഇനി നിറവേറ്റാൻ ബാധ്യസ്ഥമല്ലെന്നും വിദേശ മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## NARASIMHA RAO- PM, KHARGE

മുൻ പ്രധാനമന്ത്രി പി വി നരസിംഹ റാവുവിന്റെ ജന്മവാർഷിക ദിനത്തിൽ അദ്ദേഹത്തെ അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. രാജ്യത്തിന്റെ വികസനയാത്രയിലെ ഒരു നിർണ്ണായഘട്ടത്തിൽ, അദ്ദേഹം മികച്ച നേതൃത്വം കാഴ്ചവച്ചെന്ന്, പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. പി വി നരസിംഹ റാവുവിന്റെ സാമ്പത്തികനയങ്ങൾ രാജ്യത്തിന്റെ വളർച്ചക്ക് ചാലകശക്തിയായെന്ന് കോൺഗ്രസ്സ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ അനുസ്മരിച്ചു.

&&&&&&&&&&&&&&&&&&

## AMIT SHAH-GUJARAT VISIT

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിൽ വിവിധ വികസന പദ്ധതികൾക്ക് തുടക്കമിടും. അഹമ്മദാബാദിൽ പുതുതായി നിർമിച്ച സഹകരണ കോംപ്ലക്സ്, പഞ്ചായത്ത് ഭവൻ എന്നിവയും, സാനന്ദിൽ ഒരു സ്കൂളും അദ്ദേഹം നാടിന് സമർപ്പിക്കും. ഇന്നലെ

ഗാന്ധിനഗറിലെ INFLIBNET കേന്ദ്രത്തിൽ സന്ദർശനം നടത്തിയ, ശ്രീ. അമിത് ഷാ അവിടത്തെ വിവിധ സജ്ജീകരണങ്ങൾ വിലയിരുത്തിയിരുന്നു.

&&&&&&&&&&&&&&&&&&

## HEAD LINE – 2

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' നാളെ രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 123-ാാം പതിപ്പാണിത്. ഹിന്ദി പ്രക്ഷേപണം കഴിഞ്ഞാലുടൻ തന്നെ പ്രാദേശിക ഭാഷകളിൽ മൻ കി ബാത് കേൾക്കാം.

&&&&&&&&&&&&&&&&&&

## PABITRA MARGAREETA - KERALA VISIT

കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിലുള്ള മേരാ യുവ ഭാരത് പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രഭാഷണ പരമ്പരയെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന ടാലൻ്റ് ഹണ്ട് സീസൺ 5 മത്സരങ്ങളുടെ തിരുവനന്തപുരം ജില്ലാതല ഉദ്ഘാടനം നീറമൺകര മന്നം മെമ്മോറിയൽ സ്കൂളിൽ കേന്ദ്ര സഹമന്ത്രി പബിത്ര മാർഗരിറ്റ നിർവഹിച്ചു.
രാജ്യത്തിന്റെ സംസ്കാരം, കല, ചരിത്രം തുടങ്ങി സമസ്ത വിഷയങ്ങളെയും പരാമർശിച്ചു കൊണ്ട്, പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കീ ബാത്തിനെ വികസിത രാഷ്ട്ര നിർമ്മാണത്തിനുള്ള വേദിയാക്കി മാറ്റിയതായി അദ്ദേഹം അഭിപ്രായപ്പെട്ടു. വിവിധ മേഖലകളിലെയും പശ്ചാത്തലങ്ങളിലെയും ആളുകളെ ബന്ധിപ്പിക്കുന്നതും, അവരുടെ ശബ്ദങ്ങൾ കേൾപ്പിക്കാനും മൻ കി ബാത്തിലൂടെ സാധിച്ചതായും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 4

## L MURUGAN-KERALA VISIT

അഖില കേരള ധീവര സഭയുടെ പരിപാടിയിൽ പങ്കെടുക്കാൻ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി

എൽ മുരുഗൻ കൊച്ചിയിലെത്തി. 19-ാാം ധീവര ദിനാചരണത്തിൻറെ ഭാഗമായി പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ ഹാളിൽ സംഘടിപ്പിക്കുന്ന സംസ്ഥാന സമ്മേളനത്തിൽ കേന്ദ്ര സഹമന്ത്രി പങ്കെടുക്കുകയാണ്. വൈകുന്നേരം കൊടുങ്ങല്ലൂർ ദേവീ ക്ഷേത്രത്തിലും അദ്ദേഹം ദർശനം നടത്തും. തുടർന്ന് ചെന്നൈയിലേക്ക് മടങ്ങും.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## GEORGE KURIAN

എറണാകുളത്തെ ചെല്ലാനത്ത് ആധുനിക തീരദേശ മത്സ്യഗ്രാമം പദ്ധതി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള ഇലക്ട്രിക്ക് ഓട്ടോ ഫിഷ് വെൻഡിംഗ് കിയോസ്ക് വിതരണവും അദ്ദേഹം നിർവഹിച്ചു. ചെല്ലാനത്ത് അടിയന്തര ചികിത്സാ കേന്ദ്രത്തിനും ശൗചാലയ ബ്ലോക്കിനും കേന്ദ്ര സഹമന്ത്രി തറക്കല്ലിട്ടു. സംസ്ഥാന ഫിഷറീസ് മന്ത്രി സജി ചെറിയാനും ചടങ്ങിൽ പങ്കെടുത്തു. പ്രധാനമന്ത്രി മത്സ്യ സമ്പാദ് യോജനയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്.

&&&&&&&&&&&&&&&&&&

## KERALA CARE

കിടപ്പുരോഗികളായ എല്ലാവർക്കും പരിചരണം ഉറപ്പാക്കുന്നതിന് നിർണായക ചുവടുവയ്പ്പുമായി കേരള സർക്കാർ. സർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയുടേയും 'കേരള കെയർ' പാലിയേറ്റീവ് ശൃംഖലയുടെയും സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. വൈകുന്നേരം നാലിന് എറണാകുളം കളമശ്ശേരി രാജഗിരി സ്കൂളിലാണ് ചടങ്ങ്.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## WEATHER KERALA

മധ്യ- വടക്കൻ കേരളത്തിൽ വരുന്ന അഞ്ച് ദിവസം മഴ ശക്തമായി തുടരും. തെക്കൻ കേരളത്തിലും സാമാന്യം

ഭേദപ്പെട്ട മഴയുണ്ടാകും. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.

&&&&&&&&&&&&&&&&&&

**MULLAPERIYAR-(INTRO)**

ഇടുക്കിയിൽ വീണ്ടും മഴ ശക്തമായി. മുല്ലപ്പെരിയാറിൽ ജലനിരപ്പ് 135.70 അടിയിലെത്തി.

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&

## HEAD LINE – 6

**WOMENS T-20 CRICKET**

വനിത ട്വന്റി-ട്വന്റി ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. രാത്രി ഏഴുമുതലാണ് മത്സരം. അഞ്ചു മത്സരങ്ങളാണ് പരമ്പരയിലുള്ളത്. ഹർമൻപ്രീത് കൗർ ആണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

&&&&&&&&&&&&&&&&&&

**FIH HOCKEY - INDIA CHINA**

2024-25 എഫ്ഐഎച്ച് പ്രോ ലീഗിൽ, ഇന്ത്യൻ വനിതാ ടീം ഇന്ന് ഡൂ-ഓർ-ഡൈ ഡബിൾ ഹെഡറിൽ ചൈനയെ നേരിടും. വൈകുന്നേരം ബെർലിനിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**HOCKEY INDIA MASTERS CUP**

ഹോക്കി ഇന്ത്യ മാസ്റ്റേഴ്സ് കപ്പിന്റെ ആദ്യ പതിപ്പ് ഇന്നലെ സമാപിച്ചു. പുരുഷ വിഭാഗത്തിൽ തമിഴ്നാടും വനിതാ വിഭാഗത്തിൽ ഒഡീഷയും കിരീടം നേടി. പുരുഷ വിഭാഗത്തിൽ ആതിഥേയരായ തമിഴ്നാട് 5-0 ത്തിനാണ് മഹാരാഷ്ട്രയെ പരാജയപ്പെടുത്തിയത് . വനിതാ വിഭാഗത്തിൽ ഒഡീഷ പഞ്ചാബിനെ 1-0 ന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## WB - GANG RAPE UPDATE

കൊൽക്കത്തെയിൽ നിയമ വിദ്യാർത്ഥിനി കോളേജ് പരിസരത്ത് കൂട്ടബലാത്സംഗത്തിന് ഇരയായ സംഭവത്തിൽ ഒരു സുരക്ഷാ ജീവനക്കാരനെ പോലീസ് ഇന്ന് അറസ്റ്റ് ചെയ്തു. . നേരത്തെ, രണ്ട് വിദ്യാർത്ഥികളും ഒരു മുൻ വിദ്യാർത്ഥിയും ഉൾപ്പെടെ മൂന്ന് പേരെ കൊൽക്കത്ത പോലീസ് അറസ്റ്റ് ചെയ്തിരുന്നു. മൂന്ന് പ്രതികളെയും ചൊവ്വാഴ്ച വരെ പോലീസ് കസ്റ്റഡിയിൽ വിട്ടു. സംഭവത്തിൽ പ്രതിപക്ഷ പാർട്ടികൾ ഇന്ന് കൊൽക്കത്തെയിൽ പ്രതിഷേധ മാർച്ചുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

## PM - VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്ത മാസം 2 മുതൽ, അഞ്ചു രാജ്യങ്ങളിൽ ഔദ്യോഗിക സന്ദർശനം നടത്തും. ഘാന, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജന്റീന, ബ്രസീൽ, നമീബിയ എന്നിവിടങ്ങളിലാണ് പ്രധാനമന്ത്രിയുടെ എട്ട് ദിവസത്തെ സന്ദർശനം. ഘാനയിലേക്കുള്ള പ്രധാനമന്ത്രിയുടെ ആദ്യ സന്ദർശനമാണിത്.

&&&&&&&&&&&&&&&&&

## BIHAR E-VOTING

മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിലും ഉപതെരഞ്ഞെടുപ്പുകളിലും മൊബൈൽ ആപ്ലിക്കേഷനുകൾ ഉപയോഗിച്ച് ഇ-വോട്ടിംഗ് സൗകര്യങ്ങൾ ആരംഭിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി ബിഹാർ. ബിഹാറിൽ ഇന്ന് നടക്കുന്ന മുൻസിപ്പിൽ തെരഞ്ഞെടുപ്പിൽ ഇ-വോട്ടിംഗ് ആപ്ലിക്കേഷനുകൾ വഴി വോട്ട് ചെയ്യാൻ 40,000-ത്തിലധികം വോട്ടർമാരാണ് രജിസ്റ്റർ ചെയ്തത്. ഇ-വോട്ടിംഗിലൂടെ രാവിലെ 7 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ വീടുകളിൽ നിന്ന് വോട്ട് രേഖപ്പെടുത്താം. പോളിംഗ് ബൂത്തുകളിൽ എത്തുന്നതിൽ ബുദ്ധിമുട്ടുള്ളവർക്കാണ് ഈ സൗകര്യം ഒരുക്കിയത്.

&&&&&&&&&&&&&&&&&

## MAHA - CM

പുനെയിലെ ഭീമാശങ്കർ ക്ഷേത്ര വികസന പദ്ധതി അടിയന്തിരമായി നടപ്പിലാക്കാൻ നിർദ്ദേശം നൽകി മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫദ്നവിസ്. തീർത്ഥാടന പ്രദേശങ്ങളുടെ വികസനം, സമയബന്ധിതമായും, മികച്ച നിലവാരത്തിലും നടത്തണമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. 2027 ൽ നടക്കുന്ന കുംഭമേളക്കായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ 288 കോടി രൂപ മഹാരാഷ്ട്ര സർക്കാർ വകയിരുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&
&&&&&&&&&&&&&&&